കൃഷി വകുപ്പിലെ അഗ്രികൾച്ചർ ഓഫീസർ തസ്തിക

28(T 1271) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിലെ അഗ്രികൾച്ചർ ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിന് ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; എന്നാണ് ലിസ്റ്റ് നിലവിൽ വന്നത് ; ലിസ്റ്റിന്റെ കാലാവധി എത്രയാണ് ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇപ്പോൾ എത്ര പേരെ നിയമിച്ചു ;

(സി) 2011 മാർച്ച് മാസം വിരമിക്കൽ മൂലമോ മറ്റോ ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണ് ;

(ഡി) ഈ ലിസ്റ്റിൽ നിന്നും ഏതെങ്കിലും സമുദായത്തിന് ബാക്ക് ലോഗ് മുഖേന നിയമനം നൽകേണ്ടതുണ്ടോ; എങ്കിൽ ഏതെല്ലാം സമുദായങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് 28-8-2008-ൽ നിലവിൽ വന്നു. ടി തസ്തികയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് വരാത്തപക്ഷം 27-8-2011 വരെ ടി റാങ്ക് ലിസ്റ്റിന് കാലാവധിയുണ്ടാകും.

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും 137 പേരെ നിയമിച്ചു.

(സി) 2011 മാർച്ച് മാസം വിരമിക്കൽ മൂലമോ കൃഷി ഓഫീസർ തസ്തികയുടെ 76 ഒഴിവുകൾ ഉണ്ടാകുമെന്ന് തിട്ടപ്പെടുത്തിയിരിക്കുന്നു. അവയിൽ 43 തസ്തികകൾ തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം നൽകി നികത്തേണ്ടവയാണ്.

(ഡി) നിയമനാധികാരി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൻമേൽ നിയമന ശുപാർശ തയ്യാറാക്കുമ്പോൾ ഏതെങ്കിലും സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ലഭ്യമല്ലാതിരുന്നാൽ ടി സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി എൻ.സി.എ. വിജ്ഞാപനം പുറപ്പെടുവിച്ച് സെലക്ഷൻ നടപടിക്രമം പൂർത്തിയാക്കി ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നല്കുന്നുണ്ട്. ടി തസ്തികയിലെ 2 ഒഴിവുകൾക്ക് ഒ.എക്സ് വിഭാഗത്തിനായി എൻ.സി.എ. വിജ്ഞാപനത്തിന് നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ

29(1273) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴിയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും എത്ര പേർക്ക് ജോലി നൽകുകയുണ്ടായി; ജില്ലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly